(ഡി) പള്ളിക്കുണ്ടായ നഷ്ടം കണക്കാക്കി സാമ്പത്തിക സഹായമോ അല്ലെങ്കിൽ പകരം ഭൂമിയോ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) ജില്ലാ അധികാരികളിൽ നിന്ന് ഇത് സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിന് നിർദ്ദേശം എന്തെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. അഞ്ച് ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുണ്ട്.

(ഡി) & (ഇ) ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ അടുത്ത സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ നിർദ്ദേശം സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

സുനാമി ഫണ്ട് വിനിയോഗിക്കുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ ഉത്തരവ്

23 [3544] *ശ്രീ. കെ. പി. രാജേന്ദ്രൻ :*

„ *പി. നാരായണൻ :*

„ *പി. എസ്. സുപാൽ :*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഫണ്ടുകൾ ചെലവഴിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സുനാമി ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 1-3-2005 ലെ ഉത്തരവിലൂടെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) "സുനാമി ഫണ്ട്" എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്രത്തിൽ നിന്ന് സുനാമി ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടി ധനസഹായം അനുവദിച്ചുകൊണ്ടുള്ള 'രാജീവ്ഗാന്ധി റീഹാബിലിറ്റേഷൻ പാക്കേജ്' പ്രകാരം സംസ്ഥാനത്തിന് 249.36 കോടി രൂപ ലഭിക്കും, അതിൽ

LIBRARY ARCHIVES Kerala Legislative Assembly

215.23 കോടി രൂപ ഗ്രാൻറായും 34.13 കോടി രൂപ വായ്പയായും ലഭിക്കുന്നതാണ്. ഇതിൽ ആദ്യം ലഭിച്ച 100 കോടി രൂപയിൽ 96.75 കോടി രൂപ വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും സുനാമി ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും മറ്റും ലഭിക്കുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലാണ് നിക്ഷേപിക്കാറുള്ളത്. ദുരിതബാധിതർക്ക് സൗജന്യറേഷൻ നൽകുന്നതു പോലെയുള്ള ചെലവുകൾക്ക് ഈ തുക വിനിയോഗിക്കുന്നു.

(ബി) സുനാമി ദുരിതാശ്വാസത്തിലേക്കു വേണ്ടി ബന്ധപ്പെട്ട അധികാരികളുടെ കൈവശമുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേക കണക്കുകൾ സൂക്ഷിക്കേണ്ടതാണെന്ന് കോടതി നിർദ്ദേശമുണ്ട്. കൂടാതെ വീട് വെച്ചു നൽകുന്ന പദ്ധതിയിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകുന്നതിൽ മുന്തിയ പരിഗണന നൽകേണ്ടതാണെന്നും വീടുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

പൂർണ്ണമായി വീട് നഷ്ടപ്പെട്ട 3000-ൽ പരം കുടുംബങ്ങൾക്ക് വീട് വെച്ച് നൽകാൻ സർക്കാരേതിര സംഘടനകൾക്ക് അനുവാദം നൽകിക്കഴിഞ്ഞു. പല സംഘടനകളും വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്കാണ് പരിഗണന നൽകിയിട്ടുള്ളത്. പുനരധിവാസത്തിലേക്കുവേണ്ടി വിനിയോഗിച്ച തുകയുടെ കണക്ക് വ്യക്തമാക്കാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ദുരിതാശ്വാസ-പുനരധിവാസ പദ്ധതികൾക്ക് അനുവദിക്കുന്ന തുക യാതൊരു കാരണവശാലും വകമാറ്റി ചെലവാക്കാൻ പാടില്ലായെന്ന നിർദ്ദേശവും ജില്ലാകളക്ടർമാർക്കും വകുപ്പു തലവൻമാർക്കും നൽകിയിട്ടുണ്ട്.

"പ്രകൃതിക്ഷോഭ ഫണ്ടിൽ നിന്നുമുള്ള പ്രവർത്തികളുടെ പരിശോധനയ്ക്ക് സംവിധാനം"

24 [3545] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിക്കുന്ന പ്രവൃത്തികളുടെ ഭൗതിക പരിശോധന നടത്തുന്നതിന് സർക്കാർ തലത്തിൽ നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരിശോധനയ്ക്ക് സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly